# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.102 04.02.2013 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതർ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ): | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ചികിത്സ

സ്നേഹ സാന്ത്വനം പദ്ധതിയുടെ ഭാഗമായി വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിലും കർണ്ണാടകയിലെ യെനപ്പോയ മെഡിക്കൽ കോളേജിലും സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള മൊബൈൽ മെഡിക്കൽ ടീം (അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ഡോക്ടർമാരുൾപ്പെടെ) കിടപ്പിലായ രോഗികളുടെ വീടുകളിലെത്തി ചികിത്സ ലഭ്യമാക്കുന്നുണ്ട്. വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ വിവിധ ആശുപത്രികളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്

എൻഡോസൾഫാൻ ദുരിതബാധിത കുടുംബത്തിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് 2012-13 അദ്ധ്യയനവർഷത്തിൽ 2292 പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

## മരണമടഞ്ഞവരുടെ ബന്ധുക്കൾക്കുള്ള സാമ്പത്തിക സഹായം

എൻഡോസൾഫാൻ ദുരിതബാധിത പ്രദേശത്ത് മരണപ്പെട്ട 734 പേരുടെ ബന്ധുക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ ചെയ്ത പ്രകാരമുള്ള നഷ്ടപരിഹാര വിതരണം

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ വിവരം ചുവടെ ചേർക്കുന്നു.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ അംഗീകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ച് പുറപ്പെടുവിച്ച 26.05.2012 ലെ സ.ഉ(എം.എസ്) നം.147/12/ആ.കു.വ. പ്രകാരം പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ആ പാക്കേജിനാവശ്യമായ വരുന്ന തുകയുടെ ആദ്യ ഗഡു (50% ആയി നിജപ്പെടുത്തി) പ്ലാന്റേഷൻ കോർപ്പറേഷൻ വഹിക്കേണ്ടതാണെന്നും ബാക്കിയുള്ള 50% സർക്കാർ അടുത്ത ഘട്ടത്തിൽ വഹിക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ആയതിൻ പ്രകാരം ഒന്നാം ഗഡുവായ 27.0425 കോടി രൂപ ( ഇരുപത്തിയേഴ് കോടി നാല് ലക്ഷത്തി

ഇരുപത്തയ്യായിരം ) കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. 28.06.12 ലെ സ.ഉ(എം.എസ്)നം.198/12/ആ.കു.വ. പ്രകാരം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശചെയ്ത പ്രകാരം എൻഡോസൾഫാൻ മൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവായിരുന്നു.മൊത്തം 17.82 കോടി രൂപ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് നൽകാൻ സർക്കാർ അനുവദിച്ചിരുന്നു. ജി.ഒ.(എം.എസ്)373/12/ആ.കു.വ 6.11.12 അനുസരിച്ച് എൻഡോസൾഫാൻ തളിച്ച് തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാൻ സർക്കാർ ഉത്തരവായിരുന്നു.

പൂർണ്ണമായും കിടപ്പിലായ 186 പേർക്ക് ഇതിനകം ആദ്യ ഗഡുവായ 1.5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച 796 പേർക്ക് 1.5 ലക്ഷം രൂപവീതവും, ശാരീരിക വൈകല്യമുള്ള 632 പേർക്ക് 1 ലക്ഷം രൂപ വീതവും ആദ്യ ഗഡു നഷ്ടപരിഹാരമായി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരിൽ മരണപ്പെട്ട 400 പേരുടെ ബന്ധുക്കൾക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി അവരുടെ പേരിൽ ആദ്യഘട്ടമായി 1.5 ലക്ഷം രൂപ വീതം നിക്ഷേപിച്ചിട്ടുണ്ട്.

## സൗജന്യറേഷൻ

ദുരിതബാധിതരുടെ അംഗീകരിക്കപ്പെട്ട പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ കുടുംബങ്ങൾക്ക് സൗജന്യറേഷൻ അനുവദിച്ചുവരുന്നുണ്ട്.

## പ്രതിമാസ സാമ്പത്തിക സഹായം

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട കാറ്റഗറി 1,2 എന്നീ വിഭാഗങ്ങളിൽപെട്ടവർക്ക് പ്രതിമാസം 2000 രൂപ വീതവും 3 ൽ പെട്ടവർക്ക് 1000 രൂപ വീതവും പ്രതിമാസ ധനസഹായം ഇപ്പോൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം നൽകി വരുന്നുണ്ട്.

## ബഡ്സ് സ്കൂൾ

കാസർഗോഡ് ജില്ലയിലെ മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി ജില്ലയിൽ 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.